# ബേത്‌ലഹേം ദയറ ഹൈസ്കൂൾ ഞാറല്ലൂർ, കിഴക്കമ്പലം



# സമഗ്ര
# വിദ്യാലയ
# വികസന രേഖ
# 2025-26

# സമഗ്ര വിദ്യാലയ വികസന രേഖ

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘു ചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ (മേഖല ഉപമേഖല ലക്ഷ്യം പ്രവർത്തനങ്ങൾ കാലം ചുമതല, സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിംഗ്

11. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ബേത്‌ലഹേം ദയറ ഹൈസ്കൂൾ, ഞാറല്ലൂർ |
| വിലാസം | കിഴക്കമ്പലം പി ഒ, ആലുവ, എറണാകുളം |
| പിൻ | 683562 |
| ഫോൺ | 0484 262083 |
| സ്കൂൾ കോഡ് | 25043 |
| വിദ്യാഭ്യാസ ഉപജില്ല | കോലഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | ആലുവ |
| റവന്യൂ ജില്ല | എറണാകുളം |
| ബിആർസി | കോലഞ്ചേരി |
| സിആർസി | |
| ഗ്രാമപഞ്ചായത്ത് | കിഴക്കമ്പലം |
| ബ്ലോക്ക് പഞ്ചായത്ത് | വാഴക്കുളം |
| ജില്ലാ പഞ്ചായത്ത് | എറണാകുളം |
| നിയമസഭാ മണ്ഡലം | കുന്നത്തുനാട് |
| ലോകസഭാ മണ്ഡലം | ചാലക്കുടി |
| താലൂക്ക് | കുന്നത്തുനാട് |

| | |
|---|---|
| വില്ലേജ് | കിഴക്കമ്പലം |
| ഇ മെയിൽ | bethlehemnjaralloor@gmail.com |
| വെബ്സൈറ്റ് | www.bethlehem ghs.blog spot.in |

# ലക്ഷ്യങ്ങൾ

* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഗ്രാമിണ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ആന്തരീക്ഷത്തിൽ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* അക്കാദമിക്ക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

* ഒന്നുമുതൽ പത്താം ക്ലാസ് വരെയുള്ള ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയ അടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ സംബന്ധിതമായി നടപ്പാക്കാൻ പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

* അധ്യാപനവും അധ്യായനവും രസകരവും സർഗാത്മകവും വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ ഉതകുന്ന ആക്കുന്നതിന് ഉപകരിക്കുന്ന വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നു.

* വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

* വിദ്യാലയങ്ങളിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും

അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

* പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിലെ പത്താം വാർഡ് കിഴക്കമ്പലം പഞ്ചായത്ത് ഞാറള്ളൂർ കരയിൽ ബേത്‌ലഹേം ദയറ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നു.

1953 ജൂൺ മാസത്തിൽ അന്നത്തെ അങ്കമാലി ഭദ്രാസനാധിപൻ ആയിരുന്ന വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത തിരുമനസുകൊണ്ട് ഇവിടെ ഒരു എൽ പി സ്കൂൾ സ്ഥാപിക്കാൻ മുൻകൈയെടുത്തു. അതിൻ പ്രകാരം സെന്റ് മേരിസ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽ ബേത്‌ലഹേം എൽ പി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1962 ൽ 6, 7 ക്ലാസ്സുകൾ കൂടി കിട്ടുകയും ബേത്‌ലഹേം യുപി സ്കൂൾ ആയി തീരുകയും ചെയ്തു.

തുടർന്ന് 1982 ൽ ബേത്‌ലഹേം യുപി സ്കൂൾ ഹൈസ്കൂളായി ഉയർത്തി ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസുകളിൽ 2600 കുട്ടികൾ പഠിക്കുന്നു. 81 അധ്യാപികമാരും 7 അനധ്യാപകരും

ഇവിടെ സേവനം അനുഷ്ഠിച്ചു വരുന്നു. തുടർച്ചയായി 26 വർഷം എസ് എസ് എൽ സിക്ക് 100% വിജയവും കോലഞ്ചേരി ഉപജില്ലയിലെ മികച്ച വിദ്യാലയമെന്ന കീർത്തിയും നിലനിർത്തി പോരുന്നു. എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ കുട്ടികളുടെ എണ്ണം 2024 ൽ 89 ആയിരുന്നു. വിവിധ കർമ്മ മേഖലകളിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം
# കാഴ്ചപ്പാട്

കുട്ടികളുടെ മികവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ സജീവ താത്പര്യത്തോടെ കുട്ടികളെ പങ്കെടുപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

മുഴുവൻ കുട്ടികൾക്കും അറിവിൻറെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാ അവസരം ലഭ്യമാക്കൽ.

ശുചിത്വം ദീനാനി തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

പാർശ്വവൽക്കരിക്കപ്പെടുന്നവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാം മുറികളും ഹൈടെക്ക് ആക്കുക.

കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുക.

മദ്യത്തിനും മയക്കുമരുന്നിനും എതിരായ ഭാവം പുതുതലമുറയിൽ വളർത്തുക.

ഓരോ വിദ്യാർത്ഥിക്കും തുല്യ തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനം നേട്ടങ്ങൾ ആധുനിക സാങ്കേതിക സംഗീതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കുവാൻ ഉതകുന്ന രീതിയിൽ വിദ്യാലയത്തിലെ പഠന അന്തരീക്ഷവും മികച്ച പഠന രീതികളും ഒരുക്കുക.

# പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

എസ്. ആർ ജി യോഗത്തിൽ "ബേത്‌ലഹേം വിഷൻ 2025" എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

വികസന ആവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാന ത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടു രൂപരേഖ തയാറാക്കൽ

കരടു രൂപരേഖ എസ് ആർ ജി രാഷ്ട്രീയ സംഘടന പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

പിടിഎ നേതൃതവത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം

എല്ലാ കുട്ടികൾക്കും മികച്ച പഠനം ഉറപ്പുവരുത്തുന്നതിന് മുറികൾ ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ ടൈൽ വർക്ക് വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചു.

എംഎൽഎ ഫണ്ട് ഉപയോഗിച്ച് മഴവെള്ള സംഭരണി നിർമ്മിച്ചു പരിസ്ഥിതിയെ അടുത്ത് അറിയുന്നതിനായി ഹൈസ്കൂൾ കോമ്പൗണ്ടിൽ നിൽക്കുന്ന വൃക്ഷങ്ങളിൽ നെയിംബോർഡ് സ്ഥാപിച്ചു.

വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിനായി സൗരോർജ്ജപാനലുകൾ സ്ഥാപിച്ചു.

ലൈബ്രറി വിപുലപ്പെടുത്തി അധ്യാപകരുടെ കരുതൽ ധനം ഉപയോഗിച്ച് ഒരു ലൈബ്രേറിയനെ നിയമിച്ചു.

സ്കൂളിനോട് ചേർന്ന് നാലുമഴക്കുഴികൾ നിർമ്മിച്ചു.

സ്കൂളിനോട് അനുബന്ധമായി ഒരു വലിയ ഹാളും മൂന്ന് അധികം മുറികളും പ്രയോജനപ്പെടുത്തി വരുന്നു നൃത്ത പരിശീലനം യോഗ കരാട്ടെ മഴക്കാല അസംബ്ലി സംഗീത പഠനം പ്രദർശനങ്ങൾ എന്നിവയ്ക്കായി ഉപയോഗപ്പെടുത്തുന്നു.

നവീകരിച്ച ഗണിതശാസ്ത്ര ഐടി ലാബുകൾ പ്രവർത്തിക്കുന്നു.

# 2025-2026 CALENDAR

## JUNE

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | **19** വായനാദിനം - LP, UP, HS മലയാള വിഭാഗം | 20 | **21** യോഗ ദിനം കായിക വിഭാഗം |
| 22 | 23 | 24 | 25 | **26** ലഹരി HS - ഹിന്ദി, up- സോഷ്യൽ സയൻസ് വിഭാഗം | 27 | 28 |
| 29 | 30 | | | | | |

## JULY

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | **5** ബഷീർ ദിനം മലയാള വിഭാഗം |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | **21** ചാന്ദ്രദിനം Up science | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

## AUGUST

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | **6** ഹിരോഷിമ ദിനം HS -SS | 7 | 8 | **9** നാഗസാക്കി ദിനം Up SS |
| 10 | 11 | 12 | 13 | 14 | **15** സ്വാതന്ത്ര്യ ദിനം UP, HS - SS | 16 |
| **17** കർഷക ദിനം LP IV | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | **29** ദേശീയ കായിക ദിനം - physical education, WE | 30 |
| 31 | | | | | | |

## SEPTEMBER

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | **5** അധ്യാപക ദിനം AE, WE | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | **16** ഓസോൺ ദിനം UP - BS | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

## OCTOBER

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | **2** ഗാന്ധിജയന്തി - up -SS | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

## NOVEMBER

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | **1** കേരള പിറവിദിനം Reshma tr + All സ്കൗട്ട് & ഗൈഡ് - സ്ഥാപക ദിനം |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | **14** ശിശുദിനം LP | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

## DECEMBER

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | **1** എയ്ഡ്സ് ദിനം - HS BS | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| **14** എനർജി HS UP-BS | 15 | 16 | 17 | 18 | 19 | 20 |
| 21 | **22** ഗണിതം up Hs Maths | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

## JANUARY

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | **10** ഹിന്ദിദിനം UP, HS - ഹിന്ദി | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | **26** റിപ്പബ്ലിക് HS, UP -SS |
| 27 | 28 | 29 | **30** രക്തസാക്ഷി ദിനം - SS | 31 | | |

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് - 1 മേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • തെറ്റ് കൂടാതെ ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സാധിക്കുക. | പ്രീ ടെസ്റ്റ്.<br>• ആദ്യമായ് ശ്രദ്ധിക്കാനും തുടർന്ന് വായിക്കാനുമുള്ള കഴിവ് നേടുക.<br>• ലളിതമായ വാക്കുകൾ പരിചയപ്പെടുത്തുന്നു.<br>• ചിത്രകാർഡുകൾ നൽകുന്നു. | ജൂൺ | അധ്യാപിക |
| | • പരിചിതമായ വാക്കുകൾ പറയുക.<br>• പരിചിതമായ വാക്കുകൾ വായിക്കുക.<br>• പരിചിതമായ വാക്കുകൾ എഴുതുക. | ജൂലൈ | അധ്യാപിക |
| | • പാട്ടുകൾ ആസ്വദിച്ച് താളാത്മകതയോടെയും ആംഗ്യത്തിലൂടെയും പാടുക. | ഓഗസ്റ്റ് | അധ്യാപിക |
| | • ലളിതമായ വാക്കുകളും വാക്യങ്ങളും വായിക്കുകയും എഴുതുകയും ചെയ്യുന്നു.<br>• ചിത്രകാർഡുകൾ നൽകൽ.<br>• വായന കാർഡുകൾ നൽകൽ. | സെപ്റ്റംബർ | അധ്യാപിക |

| | | | |
|---|---|---|---|
| | • ലളിതമായ ചിത്രവിവരണം അവതരിപ്പിക്കുക.<br>• പദ ശൃംഖലയും വാക്യ ശൃംഖലയും ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കുന്നു<br>• പ്രയാസമുള്ള വാക്കുകൾ പരിചയപ്പെടുത്തൽ. | ഒക്ടോബർ | അധ്യാപിക |
| | • വായന കാർഡ് തയ്യാറാക്കൽ<br>• ദിവസവും അഞ്ച് ഇംഗ്ലീഷ് വാക്കുകൾ എഴുതുന്നു. | നവംബർ | അധ്യാപിക |
| | • ചിത്ര നിഘണ്ടു - ലളിതമായ നിർദ്ദേശങ്ങൾ. | ഡിസംബർ | അധ്യാപിക |
| | • പാട്ടുകൾ ആസ്വദിച്ച് താളത്തിലും ആംഗ്യത്തിലും പാടുക.<br>• മൃഗങ്ങളുടെയും പക്ഷികളുടെയും ചിത്രങ്ങൾ ശേഖരിക്കുക. | ജനുവരി | അധ്യാപിക |
| | • ഇംഗ്ലീഷ് ഭാഷ അനായാസമായും ഭയരഹിതമായും സംസാരിക്കുന്നതിനുള്ള അവസരം നൽകുന്നു. | ഫെബ്രുവരി | അധ്യാപിക |
| | • ഇംഗ്ലീഷ് ഭാഷ നന്നായി സംസാരിക്കുവാനും ലളിതമായ വാക്യങ്ങൾ എഴുതുവാനും വായിക്കുവാനും സാധിക്കുന്നു. | മാർച്ച് | അധ്യാപിക |

| | | | |
|---|---|---|---|
| | • കഥാ വായന<br>• ചിത്രവിവരണം<br>• സംഭാഷണം പൂർത്തിയാക്കൽ | | |

അക്കാദമിക മാസ്റ്റർ പ്ലാൻ   ക്ലാസ് - 1   മേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി-സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ. | • പ്രകൃതി നടത്തം.<br>• പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ.<br>• ചുറ്റുപാടും ഉള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ. | ജൂൺ | അധ്യാപിക |
| പൂന്തോട്ടം ഒരുക്കൽ. | • ചുറ്റുപാടുമുള്ള മരങ്ങൾ,ചെടികൾ എന്നിവയെ നിരീക്ഷിക്കൽ, തിരിച്ചറിയൽ, പട്ടികപ്പെടുത്തൽ.<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>• വീട്ടിൽ പൂന്തോട്ടം ഒരുക്കൽ. | ജൂലൈ | അധ്യാപിക |
| | • തിരിച്ചറിഞ്ഞ ചെടികൾ നിരീക്ഷിച്ച് പ്രത്യേകതകൾ എഴുതൽ. | ഓഗസ്റ്റ് | അധ്യാപിക |
| | • മരങ്ങൾ - ചെടികൾ എന്നിവയുടെ വ്യത്യാസം തിരിച്ചറിയൽ.<br>• മണമുള്ള പൂക്കൾ മണം ഇല്ലാത്ത പൂക്കൾ എന്നിവ തിരിച്ചറിയൽ. | സെപ്റ്റംബർ | അധ്യാപിക |
| | • ചെടികൾക്ക് വേര്,തണ്ട്,ഇല,പൂവ്, കായ് എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | ഒക്ടോബർ | അധ്യാപിക |
| | • പലതരം ചെടികളുണ്ടെന്ന് തിരിച്ചറിയുന്നു.<br>• പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ.<br>• ചെടിയുടെ നടുന്ന ഭാഗങ്ങൾ ഏതെന്ന് തിരിച്ചറിയുന്നു.<br>• പൂക്കളുടെ സവിശേഷതകൾ തിരിച്ചറിയുന്നു. | നവംബർ | അധ്യാപിക |

| | | | |
|---|---|---|---|
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരായി മാറ്റുക. | • ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ ചെയ്തതിനുശേഷം മാത്രമേ സ്കൂളിൽ വരാവൂ എന്ന തിരിച്ചറിവ്.<br>• സുജിത്ത് ശീലങ്ങൾ വിവരിക്കൽ.<br>• ശുചിത്വ ശീലങ്ങൾ പാലിക്കുന്നുണ്ട് എന്നുള്ള ഉറപ്പുവരുത്തൽ. | ഡിസംബർ | അധ്യാപിക |
| | • ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ.<br>• ആഹാരത്തിന് ആവശ്യമായ ചെടികളും അല്ലാത്തവയും ഏതെന്ന് കണ്ടെത്തൽ. | ജനുവരി | അധ്യാപിക |
| | • പൂക്കളുടെ പതിപ്പ് തയ്യാറാക്കൽ.<br>• ചെടിയുടെ ചിത്രം വരച്ച് അതിൽ ഭാഗങ്ങൾ അടയാളപ്പെടുത്തൽ. | ഫെബ്രുവരി | അധ്യാപിക |
| | • ചുറ്റുപാടും പലതരം ചെടികൾ പൂക്കൾ ഉണ്ടെന്നുള്ള വ്യക്തമായ ധാരണ ഉറപ്പിക്കൽ.<br>• ആരോഗ്യ ശീലങ്ങൾ - ആഹാരശീലങ്ങൾ.<br>• പൊതു സ്ഥാപനങ്ങൾ പരിചയപ്പെടുത്തൽ. | മാർച്ച് | അധ്യാപിക |

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് : 1 മേഖല - മലയാളം

ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കി മാറ്റുക. | • കേട്ട കഥയിലെ ആശയങ്ങൾ ചിത്രീകരിക്കുന്നു<br>• ചിത്ര കാർഡുകൾ,വായന കാർഡുകൾ എന്നിവ രക്ഷിതാക്കളുടെ സഹായത്തോടെ ചെയ്യുന്നു. | ജൂൺ | അധ്യാപിക |
| | • സമഗ്ര വിലയിരത്തിലും പഠന പുരോഗതിയും.<br>• ലളിതമായ വായന കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു.<br>• സ്വതന്ത്രമായി കഥ പറയുന്നു.<br>• സംയുക്ത ഡയറി എഴുതാൻ ആരംഭിക്കുന്നു. | ജൂലൈ | അധ്യാപിക |
| | • ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു<br>• ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടി കഥ പറയുന്നു. | ഓഗസ്റ്റ് | അധ്യാപിക |

| | | | |
|---|---|---|---|
| | • ലിബി തിരിച്ചറിയാതെ തന്നെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നു. | സെപ്റ്റംബർ | അധ്യാപിക |
| | • കൂട്ട വായനയ്ക്ക് പ്രാധാന്യം.<br>• ലളിതമായ വായന കാർഡുകൾ, കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച ചിത്രക്രഥ വായന നടത്തുന്നു. | ഒക്ടോബർ | അധ്യാപിക |
| | • ചിത്രങ്ങൾക്ക് രക്ഷിതാക്കളുടെ സഹായത്തോടെ അടിക്കുറിപ്പ് തയ്യാറാക്കുന്നു. | നവംബർ | അധ്യാപിക |
| | • ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.<br>• വായന കാർഡുകൾ തയ്യാറാക്കുന്നു. | ഡിസംബർ | അധ്യാപിക |
| | • പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ. | ജനുവരി | അധ്യാപിക |
| | • വായനോത്സവം നടത്തൽ.<br>• രചനോത്സവം നടത്തൽ.<br>• ചിത്ര കഥാ പുസ്തകങ്ങൾ വായിക്കുന്നു. | ഫെബ്രുവരി | അധ്യാപിക |

| | | | |
|---|---|---|---|
| | • കുട്ടികളുടെ കഥകൾ, കവിതകൾ എന്നിവയുടെ പ്രകാശനം.<br>• പഠനോത്സവം.<br>• റീഡേഴ്സ് തിയറ്റർ - കഥ വായിച്ച് കഥാപാത്ര അവതരണം. | മാർച്ച് | അധ്യാപിക |

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് - 1 മേഖല -

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നതിനും എഴുതുന്നതിനും വായിക്കുന്നതിനും | • **1** മുതൽ **5** വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.<br>• **5** വരെയുള്ള എണ്ണത്തെ പകുതി, തുല്യം,കൂടുതൽ,കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | ജൂൺ | അധ്യാപിക |
| | • ഗണിത പഠനത്തിന് സഹായമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>• രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം<br>• ഒരൊക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ. | ജൂലൈ | അധ്യാപിക |
| | • **1** മുതൽ **20** വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ.<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.<br>• കൂടുതൽ കുറവ് തിരിച്ചറിയൽ.<br>• ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതക്രിയ | ഓഗസ്റ്റ് | അധ്യാപിക |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ ചെയ്യൽ. | | |
| | • സംഖ്യ ഗാനങ്ങൾ ആസ്വദിക്കൽ.<br>• ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന/വ്യവകലന ക്രിയകൾ ചെയ്യൽ.<br>• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്. | സെപ്റ്റംബർ | അധ്യാപിക |
| | • ഒറ്റസംഖ്യകളെയും ഇരട്ടസംഖ്യകളെയും തിരിച്ചറിയൽ.<br>• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ. | ഒക്ടോബർ | അധ്യാപിക |
| | • സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.<br>• ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | നവംബർ | അധ്യാപിക |
| | • സംഖ്യകൾ ആരോഹണ/ അവരോഹണ ക്രമത്തിൽ എഴുതൽ. | ഡിസംബർ | അധ്യാപിക |
| | • ഒരക്ക സംഖ്യകളും രണ്ടക്കസംഖ്യകളും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ.<br>• സങ്കലനം/വ്യവകലനം ചിഹ്നങ്ങൾ | ജനുവരി | അധ്യാപിക |

| | | | |
|---|---|---|---|
| | തിരിച്ചറിയൽ. | | |
| | • വിലവിവര പട്ടിക പശ്ന വിശകലന ക്രിയകളിൽ ഏർപ്പെടൽ. | ഫെബ്രുവരി | അധ്യാപിക |
| | • ഗണിദാശയങ്ങൾ ഉൾപ്പെടുത്തി വിവിധതരം വർക്ക് ഷീറ്റുകൾ നൽകൽ.<br>• ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടൽ.<br>• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | മാർച്ച് | അധ്യാപിക |

# Master Plan -2025-2026

## Sub:- English

**Class:2**

| Sl No | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1. | English ഭാഷാ ധാരാളമായി കേൾക്കുവാനുള്ള അവസരം നൽകൽ | കാർട്ടൂൺ പ്രദർശനം, അനിമേഷൻ സിനിമ പ്രദർശനം | ആഴ്ചയിൽ ഒരിക്കൽ | ICT | അധ്യാപിക SSA BRC |
| 2. | ഇംഗ്ലീഷ് വായിക്കാനും എഴുതാനും ഉള്ള പ്രാപ്തി നേടുന്നതിന് | Pre- test<br>അക്ഷരം ഉറപ്പിക്കൽ<br>Word card<br>Word making<br>Sentence making<br>Picture reading<br>Observe the picture and complete the story<br>കഥാപുസ്തകങ്ങൾ കൊടുക്കുന്നു<br>Read stories<br>ചിത്രം നൽകി വാക്യങ്ങൾ എഴുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക്.<br>Special coaching | 2 weeks<br>June<br>July | Word card<br>Picture card | DIET<br>SCERT<br>PTA |
| 3. | ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം നൽകുന്നു | റോൾ പ്ലേ<br>ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരിക്കൽ | പത്രം | SSA<br>BRC |
| 4. | കുട്ടിയെ മികച്ച വായനക്കാരാക്കുക | • ക്ലാസ് വായനാ കൂട്ടം രൂപീകരിക്കൽ<br>• വായന മൂല<br>• Class library രൂപീകരിക്കൽ | 6 Months | Class library<br>റീഡിങ്ങ് കാർഡ് | BRC<br>DIET |
| 5. | കുട്ടിയെ മികച്ച എഴുത്തുകാരാക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>രചനാശിൽപശാല<br>കഥ കവിത പുസ്തക ചർച്ച<br>രചനകൾ പരിചയപ്പെടുത്തൽ<br>രചനകൾക്കുള്ള വേദി ഒരുക്കൽ<br>നിരവധി രചന മൽസരങ്ങൾ നടത്തൽ<br>ഡയറി,ക്ഷണക്കത്ത്<br>കഥ കവിത പൂർത്തിയാക്കൽ | 6 Months | വ്യവഹാര | ജനപ്രതിനിധി<br>PTA |

| | | | | | |
|---|---|---|---|---|---|
| | | സംഭാഷണം എന്നീ വ്യവഹാര രൂപങ്ങൾ<br>പരിചയപ്പെടുത്തുകയും അവ എഴുതുന്നതിനുള്ള പിന്തുണ നൽകൽ.<br>എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>ചെറുപുസ്തകങ്ങൾ നൽകി കുറിപ്പ് തയ്യാറാക്കുക<br>തയ്യാറാക്കുക. | | രൂപങ്ങൾ മാതൃക | SCERT |

# Master Plan -2025-2026

## വിഷയം :- പരിസര പഠനം

**Class:2**

| Sl No | കാര്യപരിപാടികൾ | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ - survey ക്ലാസുകൾ,പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | June & July | | PTA |
| 2. | പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാണാ കാഴ്ചകൾ | September | | |
| 3. | നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായുള്ള അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം കൃഷി ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | October | Field trip | നാട്ടുകാർ |
| 4. | മഴ ജല സംരക്ഷണം | മഴയും മഴയുടെ പ്രാധാന്യവും മനസ്സിലാക്കുന്നു. ജലസംരക്ഷണവുമായി ബന്ധപ്പെട്ടുള്ള പോസ്റ്റർ നിർമ്മാണം ജലത്തിന്റെ ഉപയോഗം | June & July | | |
| 5. | ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനുതകുന്ന പരീക്ഷണങ്ങൾ | വസ്തുക്കളിൽ മുങ്ങുന്നവയും പൊങ്ങുന്നവയും കണ്ടെത്തൽ | December | പരീക്ഷണവസ്തുക്കൾ<br>ക്ലാസ് ടീച്ചർ | |
| 6. | വീട് നിർമ്മാണം നിരീക്ഷണം | വിവിധ വീടുകൾ സന്ദർശനം,നിരീക്ഷണം കാർഡ് ബോർഡ്, കടലാസ് തുടങ്ങിയവ ഉപയോഗിച്ചുള്ള വീട് നിർമ്മാണം സചിത്ര നോട്ട്ബുക്ക് | January | ക്ലാസ് ടീച്ചർ | |
| 7. | തൊട്ടറിയാം മണത്തറിയാം | പഞ്ചേന്ദ്രിയ വികസനം (ഇലകൾ, ഔഷധസസ്യങ്ങൾ ) സചിത്ര നോട്ട്ബുക്ക് | | ക്ലാസ് ടീച്ചർ | |
| 8. | ജീവികളെ പരിചയപ്പെടൽ | ചുറ്റുപാടുമുള്ളവ നേരിട്ട് കാണൽ ചിത്രത്തിലൂടെ പരിചയപ്പെടൽ കളം (മൃഗങ്ങളുടെ ശബ്ദങ്ങൾ കേൾക്കൽ, അനുകരിക്കൽ) വന്യജീവി സംരക്ഷണം കാട് സംരക്ഷണം ബോധവൽക്കരണം. സചിത്ര നോട്ട്ബുക്ക് | February | ക്ലാസ് ടീച്ചർ | |
| 9. | സ്വാതന്ത്ര അവബോധം വളർത്തൽ | കുട്ടികളിൽ സ്വാതന്ത്ര്യ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു ഗാന്ധി, നെഹ്റുവിനെ കുറിച്ച് മനസ്സിലാക്കുന്നതിന് ദേശീയ പതാക | August | | |

| | | | | | |
|---|---|---|---|---|---|
| 10. | നാടും ഉത്സവവും | ഉത്സവാഘോഷങ്ങളുടെ പ്രാധാന്യം അറിയുന്നതിന് പഞ്ചേന്ദ്രിയ വികസനം | | | |
| 11. | രുചികൾ മനസ്സിലാക്കുന്നതിന് | നല്ല ഭക്ഷണ ശീലങ്ങൾ | | | |

# Master Plan -2025-2026

## വിഷയം :- മലയാളം

**Class:2**

| Sl No | കാര്യപരിപാടികൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1.മുൻകാല അറിവ് പരിശോധിക്കൽ<br>2. അക്ഷരമുറപ്പിക്കൽ<br>3. അക്ഷര കാർഡ് നൽകൽ പദകാർഡ് നൽകൽ വാക്കുകൾ നിർമിക്കുക വാക്യങ്ങൾ നിർമ്മിക്കൽ<br>4. ചിത്രം - നിരീക്ഷണം ചിത്രം - കഥ പറയൽ ചിത്രം കഥ എഴുതൽ<br>5. കഥ - ബാക്കി എഴുത്ത്<br>6. കഥാപുസ്തകം നൽകൽ-വായിക്കുന്നു ചിത്രം നൽകി വാക്യങ്ങൾ രൂപീകരിക്കൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ആദ്യത്തെ ആഴ്ച<br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | പുസ്തകങ്ങൾ വിവിധ അക്ഷര കാർഡുകൾ<br>പദകാർഡ്<br>ചിത്രം നൽകൽ<br>കഥ പുസ്തകം<br>ചിത്രം | DIET<br>BRC<br>SCERT<br>PTA |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>വായന മൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>അമ്മ വായന<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനക്കൂട്ടം മോണിറ്ററിങ്<br>ക്ലാസ്, പത്രം | 6 മാസം<br>പുസ്തകങ്ങൾ<br>പത്രം<br>വായന മുറി | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി | BRC<br>DIET<br>SCERT<br>PTA |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക (എഴുത്തുകൂട്ടം ) | രചന ശില്പശാല -കഥ കവിത എഴുത്തുകൂട്ട രൂപീകരണം<br>പുസ്തക ചർച്ച രചനകൾ പരിചയപ്പെടുത്താൻ രചനകൾക്കുള്ള വേദി ഒരുക്കൽ നിരവധി രചന മത്സരങ്ങൾ നടത്തൽ ഡയറി ക്ഷണക്കത്ത് കഥ കവിത പൂർത്തിയാക്കൽ സംഭാഷണം എന്നീ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുകയും അവ | പുസ്തകങ്ങൾ<br>വ്യവഹാര രൂപങ്ങൾ മാതൃകകൾ | | BRC<br>ജനപ്രതിനിധി<br>PTA<br>SCERT |

| | | | | | |
|---|---|---|---|---|---|
| | | എഴുതുന്നതിനുള്ള പിന്തുണ നൽകൽ എഴുത്തുകൂട്ടം മോണിറ്ററിംഗ് ചെറുപുസ്തകങ്ങൾ നൽകി കുറിപ്പ് തയ്യാറാക്കുക. | | | |
| 4. | കുട്ടികളുടെ സർഗാത്മകത വളർത്തുന്നതിന് | പാട്ട് അരങ്ങ് സ്വതന്ത്ര രചന<br>സംയുക്ത ഡയറി | | | |

# Master Plan -2025-2026

## വിഷയം :- ഗണിതം

**Class:2**

| Sl No | പ്രവത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | 100 വരെയുള്ള സംഖ്യ ബോധം,സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ | • പാറ്റേണുകൾ നൽകിക്കൊണ്ട് സംഖ്യാബോധം കണ്ടെത്തൽ<br>• ഒരു സംഖ്യയോട് തൊട്ടടുത്തുള്ള സംഖ്യ കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒരു സംഖ്യ കുറച്ചാൽ തൊട്ടുമുൻപുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ്<br>• ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.സചിത്ര നോട്ടു ബുക്ക് | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | BRC<br>PTA |
| 2. | സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ എല്ലാവരിലും നേടിയെടുക്കുന്നതിന് | പാറ്റേൺ രൂപീകരിക്കൽ. സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ എല്ലാവരിലും നേടിയെടുക്കുന്നതിന് | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| 3. | ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയം ഉറപ്പിക്കൽ (ഉല്ലാസഗണിതം ) | ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രയോഗിക പ്രശ്നം പരിഹരിക്കൽ വില വിവരപ്പട്ടിക തയ്യാറാക്കൽ | ഒക്ടോബർ | ക്ലാസ് ടീച്ചർ | SCERT |
| 4. | ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു (100 –ൽ താഴെ) | രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ ( 5 വീതം കൂട്ടൽ ) | നവംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | SCERT |
| 5. | ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും | സ്ഥാന വില തിരിച്ചറിയൽ കളി നോട്ടുകൾ തയ്യാറാക്കൽ<br>ക്ലാസിന് ഒരു കട | ജനുവരി<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | BRC |
| 6. | പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | സംസ്ഥാന വില പോക്കറ്റ് (അബാക്കസ്) ഗണിത കിറ്റ് ഉപയോഗിച്ച് ഗണിത പ്രശ്നം പരിഹരിക്കൽ | മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 7. | വ്യത്യസ്ത രൂപങ്ങൾ പരിചയപ്പെടുത്തുകയും അവയെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ | വിവിധ രൂപങ്ങൾ ഉപയോഗിച്ചുള്ള വ്യത്യസ്ത ചിത്രങ്ങൾ | | ത്രികോണ സ്തംഭം വൃത്തസ്തംഭം മുതലായവയുടെ നിർമ്മാണം | SCERT |

# ക്ലാസ്സ് -3 അക്കാദമിക മാസ്റ്റർ പ്ലാൻ-ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| തെറ്റുകൂടാതെ ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും സാധിക്കുക | പ്രീ ടെസ്റ്റ്<br>ഇംഗ്ലീഷ് അക്ഷരങ്ങൾ ശ്രദ്ധിച്ചു വായിക്കാനുള്ള കഴിവ് നേടുന്നതിനായി അക്ഷര കാർഡുകൾ, ഗെയിമുകൾ,<br>ആംഗ്യപ്പാട്ടുകൾ,കഥകൾ എന്നിവ ഐസിടിയുടെ സഹായത്തോടെ ബോധനം നടത്തുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപിക |
| | വാക്കുകൾ കണ്ടെത്തൽ,ലൈബ്രറി ബുക്ക് വായന,പത്രവായന,പ്രധാന വാർത്തകൾ വായിക്കൽ, വായന സ്ട്രിപ്പുകൾ നൽകൽ. | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| തെറ്റു കൂടാതെ ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സാധിക്കുക | ചെറിയ വർക്ക് ഷീറ്റുകളുടെസഹായത്തോടെ വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കാൻ വേണ്ട പ്രവർത്തനങ്ങൾ നൽകുന്നു.<br>ഒരേ തരത്തിൽ വായിക്കേണ്ട വാക്കുകൾ ശേഖരിക്കുന്നു,ലൈബ്രറി ബുക്ക് വായന.<br><br>എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്തുവാൻ വാക്കുകൾ നിർമ്മിക്കൽ,<br>ചിത്രവായന,കടങ്കഥകൾ,നിർമ്മിക്കൽ വരികൾ കൂട്ടിച്ചേർക്കൽ,നോട്ടീസ് | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക |

| | | | |
|---|---|---|---|
| | തയ്യാറാക്കൽ,സംഭാഷണം തയ്യാറാക്കൽ,<br>റീഡേഴ്സ് തിയേറ്റർ. | | |
| തെറ്റുകൂടാതെ ഇംഗ്ലീഷ് ഭാഷ വായിക്കുന്നതിന്. എഴുതുന്നതിന് | ശ്രവണ ഭാഷണ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി കളികൾ,ആംഗ്യപ്പാട്ടുകൾ,വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് കഥകൾ കവിതകൾ കേൾക്കുന്നു | സെപ്റ്റംബർ<br>ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക |
| തെറ്റുകൂടാതെ ഇംഗ്ലീഷ് വ്യവഹാര രൂപങ്ങൾ വായിക്കുവാനും എഴുതുവാനും സാധിക്കുക | ചിത്രങ്ങളെ ആസ്പദമാക്കി ചെറിയ ചെറിയ വാക്യങ്ങൾ രൂപീകരിക്കുന്നു.<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• പട്ടിക തരംതിരിക്കൽ<br>• ഡയറിയെഴുതൽ<br>• സംഭാഷണം തയ്യാറാക്കൽ<br>• കടങ്കഥ നിർമ്മാണം<br>• ചേരുംപടി ചേർക്കൽ<br>• പദസൂര്യൻ നിർമ്മാണം | നവംബർ<br>ഡിസംബർ | ഇംഗ്ലീഷ് അധ്യാപിക |
| തെറ്റുകൂടാതെ ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സാധിക്കുക | • ചിത്രവിവരണം നൽകൽ<br>• സംഭാഷണം പൂർത്തിയാക്കൽ<br>• ചിന്തകൾ എഴുതൽ<br>• കഥാപാത്ര വിശേഷണം | ജനുവരി | ഇംഗ്ലീഷ് അധ്യാപിക |

| | | | |
|---|---|---|---|
| | • ലൈബ്രറി പുസ്തക വായന | ഫെബ്രുവരി | |
| വികാരവിചാരങ്ങളുടെ പ്രകടനം<br><br>വായനാശീലം<br><br>സർഗാത്മക കഴിവുകൾ | വിചാരങ്ങൾ,വരികൾ കൂട്ടിച്ചേർക്കൽ.<br>ചിന്താ വികാരങ്ങൾ എഴുതൽ.<br>സ്വയം കടങ്കഥ നിർമാണം.<br><br>ഇംഗ്ലീഷ് വാർത്താ വായന മത്സരം<br><br>ഇംഗ്ലീഷ് മാസിക തയ്യാറാക്കൽ | മാർച്ച് | ഇംഗ്ലീഷ് അധ്യാപിക |

# ക്ലാസ്സ് - 3 അക്കാദമിക മാസ്റ്റർ പ്ലാൻ - E. V. S

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക. | • ഫ്രീ ടെസ്റ്റ്<br>• അവലോകനം<br>• പക്രൃതി നടത്തം<br>• ചുറ്റുമുള്ളജീവജാലങ്ങളെ നിരീക്ഷണം<br>• പ്രത്യേകതകൾ മനസ്സിലാക്കൽ<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച<br>• സ്കൂൾപച്ചക്കറിത്തോട്ടം നിർമ്മാണം<br>• പരിപാലനം<br>• വൃക്ഷത്തൈ നടൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ - ജൂലൈ | അധ്യാപിക |
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക | ദിനകൃത്യങ്ങൾ.<br>ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>ദിവസ പരിശോധന ചുമതലയ്ക്ക് ഗ്രൂപ്പുകൾ ആക്കുന്നു.<br>വ്യക്തി ശുചിത്വം ക്ലാസ് റൂം,പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.<br>നല ശ്ലീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>പരിസരങ്ങളിൽ പതിപ്പിക്കുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ | അധ്യാപിക |

| | | | |
|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തിയെടുക്കുക | ഫീൽഡ് ട്രിപ്പ്<br>നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയുന്നതിനായി ഫീൽഡ് ട്രിപ്പ്സംഘടിപ്പിക്കുന്നു (കുളം,വയൽ, പുഴ )<br>പ്രകൃതിസംരക്ഷണപോസ്റ്റർ തയ്യാറാക്കുന്നു.<br>പരിസരങ്ങളിൽ പതിക്കുന്നു | ഒക്ടോബർ ഡിസംബർ | അധ്യാപിക |
| പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക | ശാസ്ത്രക്രൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.<br>പക്ഷി നിരീക്ഷണത്തിന് അവസരം നൽകുന്നു.<br>പച്ചക്കറി തോട്ടങ്ങളിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം | ജനുവരി മാർച്ച് | അധ്യാപിക |

## ക്ലാസ്സ് 3 -അക്കാദമിക മാസ്റ്റർ പ്ലാൻ -മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പ്രീ ടെസ്റ്റ്<br>കുട്ടികളിൽ അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | അക്ഷരങ്ങളും ചിഹ്നങ്ങളും വർക്ക് ഷീറ്റുകളുടെ സഹായത്തോടുകൂടി ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിരന്തരം നടത്തുന്നു | ജൂൺ | മലയാളം അധ്യാപിക |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടു കൂടിയും അനായാസമായി വായിക്കുവാനുള്ള കഴിവ് | വായന കാർഡുകൾ തയ്യാറാക്കൽ<br>ചെറുകഥാ പുസ്തകങ്ങൾ വായിച്ച് അനുഭവം പറയിക്കൽ<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തകപരിചയം<br>അമ്മ വായന | ജൂൺ - ജൂലൈ | മലയാളം അധ്യാപിക |
| അക്ഷരത്തെറ്റ് കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ | കുട്ടികളുടെ അവധിക്കാല അനുഭവങ്ങൾ ചെറിയ വാക്യങ്ങളിൽ എഴുതിക്കൽ<br>വായനക്കുറിപ്പ് തയ്യാറാക്കൽ<br>വായനാദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തുന്നു | ജൂൺ- ഓഗസ്റ്റ് | മലയാള അധ്യാപിക |
| പിന്നോക്ക അവസ്ഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | • ഫ്രീ ടെസ്റ്റ്<br>• അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• അക്ഷര കാർഡുകൾ നൽകി ചെറിയ വാക്കുകൾ നിർമ്മിക്കൽ | വർഷം മുഴുവൻ | മലയാള അധ്യാപിക |

| | | | |
|---|---|---|---|
| | • കണ്ടെത്തിയ വാക്കുകൾ ചേർത്ത് വാക്യങ്ങൾ തയ്യാറാക്കൽ<br>• ചെറുപുസ്തകങ്ങൾ വായിപ്പിക്കൽ, അനുഭവങ്ങൾ പറയിപ്പിക്കൽ | | |
| സർഗാത്മക പ്രകടനം | യാത്രാവിവരണം,കവിത പൂർത്തിയാക്കൽ കഥ പൂർത്തിയാക്കൽ,റോൾപ്ലേ തുടങ്ങിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ.<br>കവിത ഈണത്തിൽ ചൊല്ലുന്നു | വർഷം മുഴുവൻ | മലയാള അധ്യാപിക |
| ഐ.സി.ടി സാധ്യത | • ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും അവസരം നൽകുന്നു തുടർന്ന് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• ചിത്രങ്ങൾ വരയ്ക്കുന്നു<br>• കഥ ചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു<br>• ചിത്രങ്ങൾ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു | വർഷം മുഴുവൻ | മലയാള അധ്യാപിക |
| ഐസിടി ഉപയോഗിച്ച് അറിവ് നേടൽ | ഐസിടി ഉപയോഗിച്ച് ഭക്ഷ്യവിഭവങ്ങൾ പരിചയപ്പെടുത്തുന്നു.<br>• ഭക്ഷ്യമേള സംഘടിപ്പിക്കൽ<br>• പാചകക്കുറിപ്പ് തയ്യാറാക്കൽ | സെപ്റ്റംബർ ഒക്ടോബർ | മലയാള അധ്യാപിക |

| | | | |
|---|---|---|---|
| | • പലഹാര പതിപ്പ്<br>• പോസ്റ്റർ | | |
| കവി പരിചയം | കവികളെ കുറിച്ചുള്ള അറിവ് ശേഖരണം. അവരുടെ പുസ്തകങ്ങൾ ശേഖരിക്കൽ. ജീവചരിതക്കുറിപ്പ്. | നവംബർ ഡിസംബർ | മലയാള അധ്യാപിക |
| മികവാർന്ന വായന | പാഠഭാഗവുമായി ബന്ധപ്പെട്ട കവികളെ കുറിച്ചുള്ള അറിവ് ശേഖരിക്കുന്നു- അവതരിപ്പിക്കുന്നു.<br>പുസ്തക പ്രദർശനം.<br>കൂടുതൽ പുസ്തകങ്ങൾ വായിക്കുന്നവർക്ക് സമ്മാനം നൽകൽ.<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | ജനുവരി മാർച്ച് | മലയാള അധ്യാപിക |

# ക്ലാസ്സ് -3 അക്കാദമിക മാസ്റ്റർ പ്ലാൻ -ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വ്യത്യസ്ത ഗണിത രൂപങ്ങൾ മനസ്സിലാക്കുന്നു<br><br>ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും വായിക്കാനും എഴുതാനും<br><br>99 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കുവാനുള്ള ശേഷി വളർത്തുക | ചതുരം, വൃത്തം ത്രികോണം ഇവയുടെ രൂപങ്ങൾ നൽകി എണ്ണി എഴുതുന്നു.<br><br>ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് വെട്ടിയെടുത്ത് നിറം നൽകുന്നു.<br>ഒരക്ക സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ, സങ്കലനം വ്യവകലനം ക്രിയകൾ.<br><br>രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലന വ്യവകലനം പ്രവർത്തനങ്ങൾ.<br>ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ സംഖ്യകളെ അബാക്കസിൽ കമ്രീകരിക്കുക. | ജൂൺ | ഗണിത അധ്യാപിക |
| മൂന്നക്ക സംഖ്യകളുടെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | മൂന്നക്ക സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ.<br>സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കൽ. | ജൂലൈ ഓഗസ്റ്റ് | ഗണിത അധ്യാപിക |
| നീളത്തിന്റെ യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം വിശദീകരിക്കുന്നു | അളവ് ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു<br>ഓരോ വസ്തുക്കളുടെയും നീളം കൃത്യമായും സൂക്ഷ്മതയോടും അളക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നൽകുന്നു. | സെപ്റ്റംബർ ഒക്ടോബർ | ഗണിത അധ്യാപിക |

| | | | |
|---|---|---|---|
| പശ്നപരിഹരണത്തിന് ഗുണന വസ്തുതകൾ ഉപയോഗിക്കുന്നു | • ഗുണന സന്ദർഭങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ<br>• ഗുണനക്രിയകൾ പരിചയപ്പെടുത്തുന്നു<br>• ഗുണന പാറ്റേണുകൾ പസിലുകൾ ചെയ്യിക്കുന്നു<br>• രണ്ടക്ക സംഖ്യകളെ ഒരക്ക സംഖ്യകൾ കൊണ്ടുള്ള ഗുണനക്രിയകൾ | | |
| • വാച്ച് ക്ലോക്ക് ഇവ നോക്കി സമയം പറയുന്നു<br>• മണിക്കൂർ മിനിറ്റ് ഇവയുടെ പരസ്പരബന്ധം വിശദീകരിക്കുന്നു<br>• നിശ്ചിത സമയങ്ങൾക്കിടയിൽ ഉള്ള സമയദൃം കണ്ടെത്തുന്നു | • വാച്ച് ക്ലോക്ക് എന്നിവ പരിചയപ്പെടുത്തുന്നു<br>• സൂചികൾ മനസ്സിലാക്കുന്നു (സെക്കൻഡ്, മിനിറ്റ്,മണിക്കൂർ)<br>• ക്ലോക്ക് നോക്കി സമയം പറയാൻ പഠിക്കുന്നു<br>• സമയമനുസരിച്ച് ക്ലോക്കിൽ സൂചികൾ വരയ്ക്കാൻ കഴിയുന്നു<br>• ദിവസം ആഴ്ച മാസം വർഷം എന്നിവ മനസ്സിലാക്കുകയും ഇവ തമ്മിലുള്ള ബന്ധം പരിചയപ്പെടുത്തുന്നു. | നവംബർ ഡിസംബർ | ഗണിത അധ്യാപിക |
| അളവു പാത്രം ഉപയോഗിച്ച് ഉള്ള അളവ് കൃത്യമായി കണ്ടെത്തുന്നു | അളവ് പാത്രങ്ങൾ പരിചയപ്പെടുന്നു<br>ഓരോ വസ്തുക്കളും അളക്കുന്നതിനുള്ള അളവുകൾ തിരിച്ചറിയുന്നു (ഖരം,ദ്രാവകം).<br>അളവുകൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു. | ജനുവരി ഫെബ്രുവരി | ഗണിത അധ്യാപിക |

| | | | |
|---|---|---|---|
| ഹരണക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടുത്തുന്നു. | സംഖ്യകളെ ഒന്ന്,രണ്ട് കൊണ്ട് ഹരിക്കാൻ ഉള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>സംഖ്യകളെ തുല്യ അളവുകളായി തിരിച്ചെഴുതുവാൻ കഴിയുന്നു. | മാർച്ച് | ഗണിത അധ്യാപിക |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**Class : IV**
**Subject : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനശേഷി വളർത്തുന്നതിന് | വായനാകാർഡുകൾ തയ്യാറാക്കൽ, മൗന വായന, ഉച്ചത്തിൽ വായന വായിച്ച് അറിഞ്ഞ അനുഭവം പറയിക്കൽ, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, അമ്മ വായന, വായനാക്കുറിപ്പ് തയ്യാറാക്കൽ. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |
| എഴുത്ത് രീതി മെച്ചപ്പെടുത്തുന്നതിന് | വായനക്കുറിപ്പ്, പുസ്തകചർച്ച, ചുമർ പത്രിക, ആസ്വാദനക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ, വ്യക്തിഗത രചന, സംഘ രചന, കൈയെഴുത്ത് മാസിക തയ്യാറാക്കൽ. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| എല്ലാകുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | എല്ലാ കുട്ടികലുടെയും രചനാ പരിചയക്കുറിപ്പുകളുടെ പ്രകാശനം, വായനാക്കുറിപ്പുകൾ വായിക്കൽ പ്രദർശനം. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |
| വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കുവാനും അക്ഷരം എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക. | വ്യവഹാര രൂപങ്ങളെക്കുറിച്ച് മനസ്സിലാക്കി എഴുതിക്കൽ, ദിനാചരണവുമായി ബന്ധപ്പെട്ട് വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ, ഓരോ പ്രത്യേകവിഷയത്തെ അടിസ്ഥാനമാക്കി വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവ് ICT മുഖേന നടൽ | പാചകക്കുറിപ്പ്, ഭക്ഷ്യമേള | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | PTA |
| കലകൾ നേരിട്ട് അറിയുന്നതിന് | ക്ലാസ്സ് മുറിയിൽ ICT ഉപയോഗിച്ച് കലകളെക്കുറിച്ച് വിശദീകരണം, ചമയങ്ങൾ പ്രദർശനം, കലയുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ<br>SRG<br>CPTA | PTA |
| സാഹിത്യ പ്രതിഭകളുടെ ജന്മ-ചരണ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനം ആചരിക്കൽ, പുസ്തക പരിചയം, ക്വിസ്, പതിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അക്ഷരക്കാർഡ്, ചെറു കഥാ പുസ്തകം വായിപ്പിക്കൽ, കഥ വികസിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗീഷ് ഡയറി.<br>നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| സർഗാത്മകതാ പരിപോഷണം | ഇംഗീഷ് തിയേറ്റർ<br>ഇംഗീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (*Skit, Drama, Conversation*) | മാസത്തിൽ ഒന്ന് | ഇംഗീഷ് അധ്യാപകർ | PTA |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാകുറിപ്പ് - പുസ്തകപരിചയം | വർഷം മുഴുവൻ | ഇംഗീഷ് അധ്യാപകർ | PTA |
| സർഗാത്മകതാ രചനശേഷി വികസനം | ഇംഗീഷ് മാഗസിൻ<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഇംഗീഷ് അധ്യാപകർ | PTA |
| ഇംഗ്ലീഷ് സംസാരിക്കുവാനും വായിക്കുവാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ | വായനാ മത്സരങ്ങൾ നടത്തുന്നു.<br>സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം.<br>മാസത്തിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

# ഗണിതം

കളിക്കാം -ഗുണിക്കാം....

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കളിയിലൂടെ ഗണിതപഠനം രസ കരമാക്കാം. (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | ചതുഷ്ക്രിയകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) ഉറപ്പിക്കുന്നതിനാവശ്യ മായ വിവിധതരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ - മൂല്യ നിർണയം | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ | |
| 2. | ജ്യാമിതീയ രൂപങ്ങളുടെ പഠനവും - കരചലനശേഷി വികാസം. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണവും പഠനവും<br>- ഒറിഗാമി രൂപങ്ങൾ-നിർമ്മാണം പ്രദർശനം<br>- ജ്യാമിതീയ രൂപങ്ങൾ- ചിത്രപ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | PTA |
| 3. | ഗണിതലാബ് - ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപ യോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG ക്ലാസ്സ് ടീച്ചർ | PTA |
| 4. | ഗണിതചുമർ - ഗണിതരൂപങ്ങ ളുടെ പ്രായോഗിക മൂല്യം തിരിച്ച റിയൽ | ഗണിതചുമർ ഒരുക്കൽ - പഠനത്തിന് ഉപ യോഗപ്പെടുത്തൽ. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |
| 5. | ഗണിതപഠനോപകരണ ശില്പ ശാല<br>- പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകര ണങ്ങളുടെ നിർമ്മാണം-പ്രദർശനം | ആവശ്യാനു സരണം | ക്ലാസ്സ് ടീച്ചർ | PTA |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6. | ഗണിതമേള<br>ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം<br>പസിൽ കോർണർ | വർഷത്തിലൊന്ന് | SRG<br>ക്ലാസ്സ് ടീച്ചർ | PTA |
